32/DGE/HSE/NSS/2021

പ്രോഗ്രാം കോ-ഓർഡിനേറ്റർ
പൊതുവിദ്യാഭ്യാസഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹൗസിങ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം
04712323023
dhsensskerala@gmail.com

തീയതി : 25/05/2021

# സർക്കുലർ

## 'മഴയെ വരവേൽക്കാം'

### മഴക്കാലപൂർവ്വശുചീകരണവും മഴക്കുഴികളുടെ നിർമ്മാണവും

തെക്കുപറിഞ്ഞാറെൻ കാലവർഷം ജൂൺ മാസത്തോടെ എത്തുകയാണല്ലോ. മഴക്കാലം നിരവധി പകർച്ചവ്യാധികളുടെയും പനിയുടെയും കാലം കൂടിയാണ്. കേരളത്തിൽ ദേശീയ ശരാശരിയേക്കാൾ ഏതാണ്ട് മൂന്നിരട്ടി മഴ ലഭിക്കുന്ന പ്രദേശമാണ്. എന്നാൽ പെയ്തിറങ്ങുന്ന മഴവെള്ളത്തിന്റെ മുക്കാൽ പങ്കും ശരിയായി വിനിയോഗിക്കുന്നതിൽ നാം പരാജയപ്പെടുന്നു.

ഇതു സംബന്ധിച്ച ധാരണ നമ്മുടെ വിദ്യാർത്ഥികളിലെത്തുന്നത് അവരിൽ വലിയൊരുളവുവരെ പാരിസ്ഥിതികാവബോധമുണ്ടാകും. ഹ്രസ്വവും എന്നാൽ ശക്തവുമായ മഴ ലഭിക്കുന്ന കേരളത്തിൽ മഴവെള്ളത്തെ മണ്ണിനടിയിലേക്ക് ഊർന്നിറങ്ങാൻ അനുവദിക്കേണ്ടിയിരിക്കുന്നു. ഇത് അപകടകരമാം വിധം താണുപോയ കേരളത്തിന്റെ ഭൂഗർഭ ജലസമ്പത്തിന്റെ അവസ്ഥയ്ക്ക് വലിയ രീതിയിൽ മാറ്റം വരുത്താൻ ഉപകരിക്കും.

ഇതോടൊപ്പം മഴക്കാലത്തിനു മുമ്പ് നമ്മുടെ വീടും പരിസരവും ശരിയായി ശുചീകരിക്കുന്നത് പകർച്ചവ്യാധികളെ പ്രതിരോധിക്കാൻ ഏറെ അനിവാര്യമാണ്.

മേൽപറഞ്ഞ ലക്ഷ്യങ്ങൾ എൻ.എസ്.എസ്. വോളന്റിയർമാരിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ 'മഴയെ വരവേൽക്കാം' എന്ന കാമ്പയിൻ മെയ് 30 ന് സംഘടിപ്പിക്കുന്നു.

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ക്യാമ്പയിൻ വിദ്യാർത്ഥികൾ അവരവരുടെ വീടുകൾ കേന്ദ്രീകരിച്ചാണ് സംഘടിപ്പിക്കുന്നത്. അന്നേദിവസം വോളന്റിയർമാർ കുറഞ്ഞത് രണ്ട് എന്ന ക്രമത്തിൽ മഴക്കുഴികൾ നിർമ്മിക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെടേണ്ടതാണ്. സ്ഥലസൗകര്യത്തിനും, മണ്ണിന്റെ ഘടനയ്ക്കും അനുസരിച്ച് പുരയിടങ്ങളിലും കൃഷിസ്ഥലങ്ങളിലും കുഴികൾ ഉണ്ടാക്കാം. ഒരു മഴക്കുഴിയുടെ വലുപ്പം ശരാശരി 1 മീറ്റർ നീളം 60 സെ.മി. വീതം നീളവും ആഴവും എന്ന ക്രമത്തിൽ ആകാവുന്നതാണ്. ഇത്തരത്തിൽ 67,000 വോളന്റിയർമാർ കുറഞ്ഞത് രണ്ട് വീതം മഴക്കുഴികൾ എന്ന ക്രമത്തിൽ ഒന്നേകാൽ ലക്ഷം മഴക്കുഴികൾ ടി കാമ്പയിന്റെ ഭാഗമായി നിർമ്മിക്കാൻ ലക്ഷ്യമിടുന്നു.

പാരിസ്ഥിതിക ദുർബല പ്രദേശങ്ങൾ തീരപ്രദേശങ്ങൾ എന്നിവിടങ്ങളിൽ മഴക്കുഴി നിർമ്മാണത്തിനുപകരം അന്നേദിവസം ജല സംരക്ഷണ പ്രവർത്തനങ്ങൾ, കിണർ റീചാർജ്ജിംഗ് തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്.

എല്ലാ പ്രോഗ്രാം ഓഫീസർമാരും തങ്ങളുടെ യൂണിറ്റിലെ വിദ്യാർത്ഥികൾ ‘മഴയെ വരവേൽക്കാം’ കാമ്പയിൻ പ്രവർത്തനത്തിൽ ഭാഗഭാക്കായി എന്ന് ഉറപ്പാക്കുകയും റിപ്പോർട്ടും ഫോട്ടോയും ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതുമാണ്.

ഒപ്പ്

ഡോ. ജേക്കബ് ജോൺ
പ്രോഗ്രാം കോ ഓർഡിനേറ്റർ